ശബരിമല വാർത്താക്കുറിപ്പ്

18.01.2025

മീഡിയ സെൻ്റർ, ഐ& പി ആർ ഡി, സന്നിധാനം

**ശബരിമലയിൽ ....19.01.2025 ലെ ചടങ്ങുകൾ**

**..............................................................................**

**പുലർച്ചെ**
**3ന് നട തുറക്കൽ.. നിർമ്മാല്യം**
**3.30ന് ഗണപതി ഹോമം**
**7.30ന് ഉഷപൂജ**
**12.30ന് ഉച്ചപൂജ**
**1 മണിക്ക് നട അടയ്ക്കൽ**
**3 മണിക്ക് നട തുറക്കൽ**
**6.30 ന് ദീപാരാധന**
**6.45 പടി പൂജ (പതിനെട്ടാം പടിയിൽ)**
**9.30ന് അത്താഴ പൂജ**
**10.50ന് ഹരിവരാസനം**
**11ന് നട അടയ്ക്കൽ**
**ശേഷം മാളികപുറത്ത് മണിമണ്ഡപത്തിന് സമീപം മഹാഗുരുതി**

## തീർത്ഥാടനകാലത്ത് ആരോഗ്യവകുപ്പിൻ്റെ എൻ്റമോളജിക്കൽ പഠനം

ശബരിമല തീർത്ഥാടനകാലത്ത് ആരോഗ്യവകുപ്പ് സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ ദേശീയ പ്രാണിജന്യ രോഗനിയന്ത്രണത്തിൻ്റെ ഭാഗമായി എൻ്റമോളജിക്കൽ പഠനം നടത്തി. മലമ്പനി, മന്ത് ഡെങ്കിപ്പനി, ചെള്ള് പനി, കുരങ്ങ് പനി, കാല അസാർ തുടങ്ങിയ പ്രാണിജന്യ രോഗങ്ങളുടെ ശാസ്ത്രീയമായ പഠനവും നടന്നു. ലാർവ, അഡൽറ്റ് മസ്കിറ്റോ കളക്ഷനും അവയുടെ അവലോകനവും, അതനുസരിച്ചുള്ള രോഗപ്രതിരോധ ബോധവൽക്കരണവും നടത്തി. ആരോഗ്യവകുപ്പിൻ്റെ സംസ്ഥാന, പത്തനംതിട്ട ജില്ലാ എൻ്റമോളജിക്കൽ വിഭാഗങ്ങൾ സംയുക്തമായിട്ടാണ് പഠനം

നടത്തിയത്. ശബരിമലയിൽ വിവിധ ഇടങ്ങളിൽ ഉറവിട നശീകരണം, തെർമൽ ഫോഗിങ്, സ്പ്രേയിങ് തുടങ്ങിയവയിലൂടെ പ്രാണികളുടെ പ്രജനനം തടഞ്ഞു.  സന്നിധാനം ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ തീർത്ഥാടകർക്കായി വിവിധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

-----------

## മണ്ഡല – മകരവിളക്ക്:  കെ എസ് ആർ ടി സി യുടെ വരുമാനം 32.95 കോടി

മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ചു നടത്തിയ സർവീസുകൾ വഴി കെ എസ് ആർ ടി സിക്ക് ലഭിച്ചത് 32.95 കോടിയുടെ വരുമാനം. മണ്ഡല കാലം ആരംഭിച്ചത് മുതൽ 35000 ദീർഘ ദൂര സർവിസുകളും, പമ്പ – നിലയ്ക്കൽ റൂട്ടിൽ ആകെ 143468 ചെയിൻ സർവിസുകളും നടത്തി. ആകെ 59.78 ലക്ഷം ആളുകളാണ് കെ എസ് ആർ ടി സി വഴി യാത്ര ചെയ്തത്.

ജനുവരി 14 ന് മകരജ്യോതി ദർശനം കഴിഞ്ഞു തിരിച്ചിറങ്ങിയ അയ്യപ്പഭക്തന്മാർക്കായി വൈകിട്ട് 7 മണി മുതൽ ജനുവരി 15 ന് പുലർച്ചെ 5.30 മണി വരെ ഇടമുറിയാതെ പമ്പ –നിലയ്ക്കൽ റൂട്ടിൽ ചെയിൻ സർവിസുകൾ നടത്തി. അതോടൊപ്പം  ചെങ്ങന്നൂർ, കോട്ടയം, കുമളി, തിരുവനന്തപുരം, തൃശൂർ, തെങ്കാശി. ഗുരുവായൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ദീർഘ ദൂര സർവിസുകളും നടത്തി.

ശബരിമല നട അടയ്ക്കുന്ന ജനുവരി 19 ന് രാത്രി വരെ ചെയിൻ സർവിസുകളും ജനുവരി 20 ന് രാവിലെ 8 മണി വരെ ദീർഘ ദൂര സർവിസുകളും ഉണ്ടായിരിക്കുമെന്ന് കെ എസ് ആർ ടി സി പമ്പ സ്പെഷ്യൽ ഓഫിസർ അറിയിച്ചു.

## തീർത്ഥാടനകാലം സംതൃപ്തിയോടെ സമാപ്തിയിലേക്ക്: മേൽശാന്തി എസ് അരുൺകുമാർ നമ്പൂതിരി

ശബരിമല ക്ഷേത്രത്തിലെ മണ്ഡല-മകരവിളക്ക് തീർത്ഥാടനകാലം അയ്യപ്പന്റെ അനുഗ്രഹത്തോടെയും ഭക്തരുടെ നിറഞ്ഞ സംതൃപ്തിയോടെയുമാണ് സമാപിക്കുന്നതെന്ന് ശബരിമല മേൽശാന്തി എസ് അരുൺകുമാർ നമ്പൂതിരി പറഞ്ഞു. വളരെ ഭംഗിയായി തന്നെ മണ്ഡല-മകരവിളക്ക് ഉത്സവങ്ങൾ നടന്നു. ഭക്തജനങ്ങളുടെ ഗംഗാപ്രവാഹമായിരുന്നു ഈ തീർത്ഥാടനകാലത്ത് ഉണ്ടായത്. അയ്യപ്പസ്വാമിയുടെ അനുഗ്രഹത്തോടെ എല്ലാ ഭക്തർക്കും സംതൃപ്തമായ ദർശനം നടത്താൻ കഴിഞ്ഞു. സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളും ജീവനക്കാരും പരിപൂർണ്ണ പിന്തുണ നൽകിയതിന്റെ ഫലമായാണ് മണ്ഡലകാലം മികച്ചരീതിയിൽ പൂർത്തിയാക്കാൻ സാധിച്ചതെന്നും മേൽശാന്തി പറഞ്ഞു.

ശബരിമല മകരവിളക്ക് തീർഥാടനം ജനുവരി 19 രാത്രി അവസാനിക്കും. രാത്രി 11 മണിക്ക് നട അടച്ചതിന് ശേഷം മാളികപ്പുറത്ത് മണിമണ്ഡപത്തിന് മുൻപിൽ നടക്കുന്ന ഗുരുതിയോടെ തീർഥാടനത്തിന് സമാപനമാകും.

ജനുവരി 20ന് പന്തളം രാജപ്രതിനിധിക്ക് മാത്രമാണ് ദർശനം. രാവിലെ 5:30ന് ഗണപതി ഹോമത്തിനു ശേഷം തിരുവാഭരണ മടക്കഘോഷയാത്ര പുറപ്പെടും. തുടർന്ന് രാജപ്രതിനിധിയുടെ ദർശനത്തിന് ശേഷം 6:30ന് മേൽശാന്തി അയ്യപ്പവിഗ്രഹത്തിൽ വിഭൂതിയഭിഷേകം നടത്തി ഹരിവരാസനം ചൊല്ലി നട അടയ്ക്കും.